പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1556 — 14.06.2013-ൽ മറുപടിയ്ക്ക്

## ഭവന പദ്ധതികൾ

| | ചോദ്യം<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | ഉത്തരം<br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിൽ ഏതെങ്കിലും ഭവന പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | ബ്ളോക്ക് പഞ്ചായത്തുകളിലൂടെ നടപ്പാക്കുന്ന ഇന്ദിര ആവാസ് യോജന നിലവിലുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പാക്കിവന്നിരുന്ന ഇ.എം.എസ്. ഭവന പദ്ധതിയുടെ കാലാവധി 2012 മാർച്ച് 31-ന് അവസാനിച്ചിട്ടുണ്ട്. ഐ.എ.വൈ അല്ലാതെ മറ്റു ഭവന പദ്ധതികൾ നിലവിലില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ചില വ്യവസ്ഥകൾക്കു വിധേയമായി പുതിയ ഭവന പദ്ധതികൾ ഏറ്റെടുക്കാൻ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഐ.എ.വൈ പദ്ധതിയനുസരിച്ച് 2013 മാർച്ച് 31 വരെ എത്ര വീടുകൾക്ക് കരാർ വെച്ചിട്ടുണ്ട് ; പ്രസ്തുത വീടുകൾ പൂർത്തിയാക്കാൻ എത്ര രൂപ വേണ്ടി വരുമെന്ന് വ്യക്തമാക്കുമോ ; | (ബി) | ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം 2012-13 വർഷം 2012 ഏപ്രിൽ ഒന്നു മുതൽ മാർച്ച് 31 വരെ ആകെ കരാർ വച്ച വീടുകളുടെ എണ്ണം - 44902.<br>ഈ വീടുകൾ പൂർത്തിയാക്കാൻ ആകെ വേണ്ടി വരുന്ന തുക - 915.52 കോടി രൂപ. |
| (സി) | ഇതിനായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | ഈ വീടുകളുടെ പൂർത്തീകരണത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള തുകയുടെ ആനുപാതികമായി അനുവദിക്കേണ്ട സംസ്ഥാന വിഹിതം അനുവദിച്ചു കഴിഞ്ഞു. ഐ.എ.വൈ വിഹിതത്തിനു പുറമേയുള്ള തുക ഗ്രാമ/ബ്ളോക്ക്/ ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ ത്രിതല പഞ്ചായത്തുകൾ കണ്ടെത്തുന്നു. 2012-13 സാമ്പത്തിക വർഷം അധിക സാമ്പത്തിക സഹായത്തിൽ വീടൊന്നിന് 75000/- രൂപ വീതം സംസ്ഥാന സർക്കാർ വഹിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഇ.എം.എസ് ഭവന പദ്ധതിയനുസരിച്ച് എത്ര വീടുകൾ പൂർത്തിയാക്കാനുണ്ട് ; | (ഡി) | നഗരസഭാതലത്തിൽ കോർപ്പറേഷനുകളിൽ 1898 വീടുകളും മുനിസിപ്പാലിറ്റികളിൽ 5017 വീടുകളും പൂർത്തിയാക്കാനുണ്ട്. പഞ്ചായത്തുതലത്തിൽ 34861 വീടുകൾ പൂർത്തിയാക്കാനുണ്ട്. |
| (ഇ) | ~~ഐ.എ.വൈ./ഇ.എം.എസ് ഭവന~~ പദ്ധതി നടപ്പിലാക്കിയതു മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ടായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഇ) | ഇ.എം.എസ്. ഭവന പദ്ധതിയുടേയും ഇന്ദിര ആവാസ് യോജന പദ്ധതിയുടേയും ഗുണഭോക്താക്കൾക്ക് അധിക ധനസഹായം ലഭ്യമാക്കുന്നതിന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും, 2012-13 പ്ലാൻ ഫണ്ടിൽ ചെലവാകാത്ത തുക വിനിയോഗിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ